**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 375** **19-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പശ്ചാത്തല സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യ വികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | പൊതു സമൂഹവുമായി താരതമ്യം ചെയ്യുമ്പോൾ പൊതു വിഭാഗത്തിന്റെ വാർഷിക പ്രതിശീർഷ വരുമാനത്തിന്റെ പകുതിയിൽ താഴെ മാത്രമാണ് മത്സ്യത്തൊഴിലാളികളുടെ ആളോഹരി പ്രതിശീർഷ വരുമാനം. 2020-21 വർഷം പൊതുവിഭാഗത്തിന്റേത് 216749/- രൂപയും മത്സ്യത്തൊഴിലാളിയുടേത് 112957/- രൂപയും ആണ്. വിവിധ മേഖലകളിൽ പ്രത്യേകിച്ച് മത്സ്യ വിഭവ സംരക്ഷണത്തിനും, വിഭവ മാനേജ്മെന്റിനും പൊതുമേഖലാ സംവിധാനം വഴി വായ്പകൾ യഥാസമയം അനുവദിച്ച ധനമാനേജ്മെന്റിൽ ബോധവൽക്കരണം നടത്തിയും മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി സമൂഹത്തെയും വിശിഷ്യാ മത്സ്യത്തൊഴിലാളികളെയും സാമൂഹികമായും സാമ്പത്തികമായും ഉയർത്തിക്കൊണ്ട് വരുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനായും നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | നിലവിലുള്ള തീരദേശ റോഡുകൾ പുനരുദ്ധരിച്ചും പുതിയത് നിർമ്മിച്ചും ഹാർബറുകളുടേയും മാർക്കറ്റുകളുടേയും ഹൈവേയുമായുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തിയിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ എത്തിയതിനുശേഷം എത്ര തീരദേശ റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്; | (ബി) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 333 എണ്ണം തീരദേശ റോഡുകളുടെ പ്രവർത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന പുതിയ ഹാർബറുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; നിലവിലുള്ള ഹാർബറുകളുടെ നവീകരണത്തിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ? | (സി) | പരപ്പനങ്ങാടി, ചെത്തി എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന ഹാർബറുകളുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 112.2 കോടി രൂപയുടെ അനുമതി നൽകിയ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവർത്തിയുടെ പ്രധാന ഘടകങ്ങൾ തെക്കേ പുലിമുട്ട് (1375മീറ്റർ), വടക്കേ പുലിമുട്ട് (785 മീറ്റർ), വാർഫ്, ലേലപ്പുര, ലോഡിംഗ് ഏരിയ, നെറ്റ് മെൻഡിംഗ് ഷെഡ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കാന്റീൻ, അപ്രോച്ച് റോഡും ഇന്റേണൽ റോഡും, വാട്ടർ സപ്ലൈ, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ്. വടക്കേ പുലിമുട്ടിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിക്കുകയും പ്രൈമറി ആർമർ ലെയറിന്റെ പാക്കിംഗ് പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. തെക്കേ പുലിമുട്ടിന്റെ പൂർത്തീകരിച്ച 670 മീറ്റർ നീളത്തിൽ പ്രൈമറി ലെയറിന്റെ പാക്കിംഗ് പുരോഗമിക്കുന്നു. മൺസൂൺ കഴിയുന്നതോടെ പുലിമുട്ടുകളുടെ പ്രവൃത്തികളും മറ്റ് അനുബന്ധ പ്രവൃത്തികളും ആരംഭിക്കുന്നതാണ്.<br><br>97.43 കോടി രൂപയുടെ അനുമതി നൽകിയ ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവർത്തിയുടെ പ്രധാന ഘടകങ്ങൾ തെക്കേ പുലിമുട്ട് (947മീറ്റർ), വടക്കേ പുലിമുട്ട് (661 മീറ്റർ), വാർഫ്, ലേലപ്പുര, അപ്രോച്ച് റോഡും ഇന്റേണൽ റോഡും, പാർക്കിംഗ് ഏരിയ, ഡ്രെഡ്ജിംഗ്, ഗേറ്റും ഗേറ്റ് ഹൗസും, കോമ്പൗണ്ട് വാൾ, ഓവർഹെഡ് ടാങ്കും ജലവിതരണവും, ഇലക്ട്രിഫിക്കേഷൻ എന്നിവയാണ്. വടക്കേ പുലിമുട്ടിന്റെ കോർ ലെയർ 97 മീറ്ററും, തെക്കേ പുലിമുട്ടിന്റെ കോർ ലെയർ 76 മീറ്ററും പൂർത്തിയായിട്ടുണ്ട്. കാലവർഷം കാരണം പ്രവൃത്തി താത്കാലികമായി നിർത്തിവച്ചിരിക്കയാണ്. കാലവർഷം കുറയുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.<br><br>നിലവിലുള്ള ഹാർബറുകളുടെ നവീകരകണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

ഹാർബറുകളുടെ നവീകരണത്തിനും വികസനത്തിനുമായി നബാർഡ്  ആർ.ഐ.ഡി.എഫ് XXIII, XXV, XXVI,  XXVII എന്നീ പദ്ധതികളിലുൾപ്പെടുത്തി 158.87 കോടിയുടെ ഭരണാനുമതി ലഭ്യമായി. ഇതിൽ നബാർഡ്  ആർ.ഐ.ഡി.എഫ് XXV-ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് RIDF XXIII-ലെ പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്. നബാർഡ്  RIDF XXVI, XXVII-ലെയും പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

**നബാർഡ്  ആർ.ഐ.ഡി.എഫ് XXIII**

1. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം (1037.00 ലക്ഷം) - പൂർത്തീകരിച്ചു.
2. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം (625.00 ലക്ഷം) - പൂർത്തീകരിച്ചു.
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം (650.00 ലക്ഷം) - പൂർത്തീകരണഘട്ടത്തിലാണ്.
4. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം (225.00 ലക്ഷം) - പൂർത്തീകരിച്ചു.

**നബാർഡ്  ആർ.ഐ.ഡി.എഫ്  XXV**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം)  - പൂർത്തീകരിച്ചു.
2. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം) - പൂർത്തീകരിച്ചു.

**നബാർഡ് ആർ.ഐ.ഡി.എഫ് XXVI**

1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം (514 ലക്ഷം) - പുരോഗമിക്കുന്നു.
2. നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യവികസനവും (1000 ലക്ഷം) - പുരോഗമിക്കുന്നു.
3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ (ശക്തികുളങ്ങര ഭാഗത്തെ) വിപുലീകരണവും ആധുനീകരണവും  (3450 ലക്ഷം) - പുരോഗമിക്കുന്നു.
4. കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780 ലക്ഷം) - പുരോഗമിക്കുന്നു.

**നബാർഡ്  ആർ.ഐ.ഡി.എഫ്  XXVII**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം) - പുരോഗമിക്കുന്നു.
2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യവികസനം (1343 ലക്ഷം) - പുരോഗമിക്കുന്നു.
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം) - പുരോഗമിക്കുന്നു.

**ഓഖി ഡെവലപ്പ്മെന്റ് പാക്കേജ്**

ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 5470 കോടി രൂപയുടെ അനുമതി നൽകി. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ, കാസർഗോഡ് മത്സ്യബന്ധനതുറമുഖത്തെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം - ഫേസ് I, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ എന്നിവ പുരോഗമിച്ചു വരുന്നു.

**<u>ആർ.കെ.വി.വൈ</u>**

ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ബേപ്പൂർ(97.84 ലക്ഷം), പുതിയാപ്പ(1101.80 ലക്ഷം), ചോമ്പാൽ (408.44 ലക്ഷം) എന്നിവിടങ്ങളിൽ പുതിയ ബർത്തിംഗ് ജെട്ടികളുടെ നിർമ്മാണം പൂർത്തീകരിച്ചു.

**<u>പി.എം.എം.എസ്.വൈ, നബാർഡ് XXVIII എന്നീ പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ</u>**

**<u>പി.എം.എം.എസ്.വൈ</u>**

1. കാസർഗോഡ് ഫിഷറി ഹാർബറിന്റെ നിലവാരം ഉയർത്തൽ(50.00 കോടി)
2. പൊഴിയൂർ ഫിഷറി ഹാർബർ നിർമ്മാണം (320.00 കോടി)
3. അജാനൂർ ഫിഷറി ഹാർബർ നിർമ്മാണം (101.33 കോടി)
4. തോട്ടപ്പള്ളി ഫിഷറി ഹാർബറിന്റെ വികസനം (105.00 കോടി)
5. പൊന്നാനി,പുതിയാപ്പ,കൊയിലാണ്ടി ഫിഷിംഗ് ഹാർബറുകളുടെ നവീകരണം (56.54 കോടി)

**<u>നബാർഡ് XXVIII</u>**

1. ആലപ്പാട് അഴീക്കൽ ഫിഷറി ഹാർബറിന്റെ നവീകരണം (24.50 കോടി)
2. കണ്ണൂർ അഴീക്കൽ ഫിഷിംഗ് ഹർബറിന്റെ വികസനം (25.00 കോടി)

# അനുബന്ധം-1

1. സമ്പാദ്യ സമാശ്വാസ പദ്ധതി

2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ

3. വിദ്യാഭ്യാസ സഹായ പദ്ധതികൾ

4. മത്സ്യബന്ധനയാനങ്ങൾക്കും എഞ്ചിനുകൾക്കും ഇൻഷ്വറൻസ് പദ്ധതി.

5. സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്ന കടൽ സുരക്ഷാ പദ്ധതി.

6. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 75% സബ്സിഡിയോടുകൂടി ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി.

7.പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിത മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് എഫ്.ആർ.പി ബോട്ട്, ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ എന്നിവ നൽകുന്ന പദ്ധതി.

8.സമുദ്ര പദ്ധതി (മത്സ്യത്തൊഴിലാളി വനിതകൾക്ക് ബസ് സർവ്വീസ്)

9. മത്സ്യത്തൊഴിലാളികൾക്ക് തുടർ ചികിത്സാ ധനസഹായം നൽകുന്നതിനായി തീരോന്നതി പദ്ധതി.

10. ഓഖി പുനരധിവാസ പദ്ധതികൾ.

11.മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി.

12.കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

13.മത്സ്യഫെഡ് വഴി നടപ്പാക്കുന്ന പദ്ധതികൾ.

14.മത്സ്യത്തൊഴിലാളി വനിതകൾക്ക് സാഫ് മുഖേന സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി.

15. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

16. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ